# ശ്ലീഹാകാലം

## വചന വിചിന്തനം

### ശ്ലീഹാകാലം : മൂന്നാം ഞായർ

### ലൂക്കാ 10,25–37

*"സുവിശേഷത്തിലെ ഏറ്റവും പ്രസിദ്ധനായ വ്യക്തി
നല്ല സമരിയാക്കാരനാണ്!
കാരണം, തന്നെക്കാൾ അധികമായി
തന്റെ അയൽക്കാരനെ സ്നേഹിച്ചതുകൊണ്ട്
സ്വന്തം പേരുപ്പോലും സൂചിപ്പിക്കാതിരുന്നിട്ടും
ചരിത്രം ഇന്നും നല്ല സമരിയാക്കാരനെ ഓർക്കുന്നു!"*

**നമ്മുടെ സങ്കൽപത്തിലെ അയൽക്കാരൻ ആവശ്യങ്ങളിൽ നമ്മളെ സഹായിക്കുന്നവരാണെങ്കിൽ മറ്റുള്ളവരുടെ സങ്കൽപത്തിലെ അയൽക്കാരാവുക!**

അയൽക്കാരന് പുതിയ നിർവ്വചനം സമ്മാനിക്കുന്ന കർത്താവിനെയാണ് വചനഭാഗം പരിചയപ്പെടുത്തുന്നത്. "ആരാണ് എൻെറ അയൽക്കാരൻ?" എന്ന് തന്നെത്തന്നെ സാധൂകരിക്കാൻ ആഗ്രഹിച്ച് യേശുവിനോടു ചോദിക്കുന്ന നിയമജ്ഞനോട് കർത്താവ് പറയുന്ന മറുപടി ശ്രദ്ധേയമാണ്. "ആരാണ് എൻെറ അയൽക്കാരൻ?" എന്നതിനല്ല ക്രിസ്തു മറുപടി നൽകുന്നത്. മറിച്ച്, "ആരായിരിക്കണം നല്ല അയൽക്കാരൻ?" എന്നതാണ് നിയമജ്ഞന് പങ്കുവച്ച് നൽകുന്നത്. അർഹതപ്പെട്ടത് നൽകുന്നതിനോടൊപ്പം അതിനേക്കാൾ അധികമായി അവശ്യങ്ങൾ കണ്ടറിഞ്ഞ് നിന്റെ സമ്പാദ്യങ്ങളും സമയങ്ങളും സാധനങ്ങളും പങ്കുവയ്ക്കുമ്പോൾ നീ നല്ല അയൽക്കാരനായി മാറ്റപ്പെടുന്നു എന്ന് ക്രിസ്തു പറഞ്ഞ് പഠിപ്പിക്കുന്നു.

ഒരു നിയമജ്ഞൻ എഴുന്നേറ്റു നിന്ന് ക്രിസ്തുവിനോട് ചോദിക്കുകയാണ്;

''ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?"

അവന്റെ ചോദ്യത്തിന് ഒരു പ്രത്യേകതയുണ്ട്. അവൻ ചോദിക്കുന്നത് ഗുരുമുഖത്ത് നിന്ന് അറിയാത്തത് പഠിക്കണം എന്നുള്ള ആഗ്രഹത്തോട് കൂടെയല്ല ചോദിക്കുന്നത്. മറിച്ച്, തങ്ങൾ നിയമജ്ഞരാണ്. തങ്ങളാണ് അറിവിന്റെ നെറുക. ഗുരുവിന് തങ്ങളെക്കാൾ അറിവുണ്ടെങ്കിൽ അതൊന്നു പരീക്ഷിക്കണം എന്നുള്ള ആഗ്രഹത്തോട് കൂടെയാണ് നിയമജ്ഞൻ ഈ ചോദ്യം ഗുരുവിനോട് ചോദിക്കുന്നത്. ചോദ്യം ചോദിക്കുന്നവന്റെ ഉള്ളറിഞ്ഞ ക്രിസ്തു തിരിച്ച് ചോദിക്കുകയാണ്;

''നിയമത്തിൽ എന്ത് എഴുതിയിരിക്കുന്നു? നീ എന്തു വായിക്കുന്നു?"

ഗുരു തന്റെയും അറിവിന്റെ ആഴം അളക്കുകയാണെന്ന് തിരിച്ചറിഞ്ഞ ഉത്തരം പറഞ്ഞു;

"നീ നിൻെറ ദൈവമായ കർത്താവിനെ, പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണ ശക്തിയോടും പൂർണമനസ്സോടുംകൂടെ സ്നേഹിക്കണം; നിൻെറ അയൽക്കാരനെ നിന്നെപ്പോലെയും."

ചുരുക്കത്തിൽ, ദൈവത്തെ എല്ലാം മറന്ന് സ്നേഹിക്കുന്നതിനോടൊപ്പം സഹോദരങ്ങളെയും സ്നേഹിക്കാൻ പഠിച്ചാൽ നിത്യജീവൻ സ്വന്ത

മാക്കാം. ഒറ്റവാക്കിൽ പൂരിപ്പിച്ചാൽ “നിത്യജീവൻ അവകാശമാക്കാൻ ചെയ്യേണ്ടത് സ്നേഹിക്കാൻ പഠിക്കുക!” എന്നതുമാത്രമാണ്. കാരണം, സ്നേഹത്തിന്റെ ശക്തി അത്രമാത്രം മഹനീയവും മഹത്വരവുമാണ്.

‘‘അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിച്ചുകഴിഞ്ഞു. വ്യഭിചാരം ചെയ്യരുത്, കൊല്ലരുത്, മോഷ്ടിക്കരുത്, മോഹിക്കരുത് എന്നിവയും മറ്റേതു കൽപനയും, നിന്നെപ്പോലെ നിൻെറ അയൽക്കാരനെ സ്നേഹിക്കണം എന്ന ഒരു വാക്യത്തിൽ സംഗ്രഹിച്ചിരിക്കുന്നു. സ്നേഹം അയൽക്കാരന് ഒരു ദ്രോഹവും ചെയ്യുന്നില്ല. അതുകൊണ്ടു നിയമത്തിൻെറ പൂർത്തീകരണം സ്നേഹമാണ്” (റോമ 13,8-10).

എങ്കിൽ, സമരിയാക്കാരനിൽ നിന്ന് നല്ല സമരിയാക്കാരനിലേയ്ക്ക് വളരുന്നവൻ നമ്മളെ സഹായിക്കുന്നത് സ്നേഹിക്കാൻ പഠിക്കുക... അതു വഴിയായ് നല്ല അയൽക്കാരനായി മാറ്റപ്പെടുക എന്നുള്ളതാണ്. “നല്ല സമരിയാക്കാരന്റെ” ഉപമയും പഠിപ്പിച്ച് നിയമജ്ഞനെ യാത്രയാക്കുമ്പോൾ ക്രിസ്തു അവനോട് കൽപ്പിക്കുന്നത് ഇത്രമാത്രമാണ്;

“നീയും പോയി അതുപോലെ ചെയ്യുക” (ലൂക്കാ 10,37).

ചരിത്രങ്ങൾ മാറ്റപ്പെട്ടാലും സജീവവും ഊർജ്ജസ്വലവുമായി നിത്യം നിലനിൽക്കുന്ന വചനം ഇന്നും ആവശ്യപ്പെടുന്നത് ഇത് തന്നെയാണ്; “നീയും പോയി അതുപോലെ ചെയ്യുക” (ലൂക്കാ 10,37). ജീവിതത്തിന്റെ കർമ്മമേഖലകളിൽ നല്ല അൽക്കാരനായി വർത്തിക്കുക!

ക്രിസ്തു നിയമജ്ഞനിൽ കാണുന്ന ഒരു കുറവ് "അറിവ് പ്രവർത്തി പഥത്തിലെത്തിക്കാൻ നിയമജ്ഞൻ മറന്ന് പോകുന്നു" എന്നുള്ളതാണ്!

വലിയ കടക്കെണിയിൽ കുടുങ്ങിയ ഒരു ബിസിനസുകാരൻ, അതിൽനിന്ന് മോചിതനാവാൻ ഒരു മാർഗവും കാണാതെ പ്രയാസപ്പെട്ടു. അങ്ങേയറ്റത്തെ വിഷമത്തോടെയും ദുഖത്തോടെയും അദ്ദേഹം പാർക്കിലെ ഒരു കസേരയിൽ ഇരിക്കുകയായിരുന്നു, തന്നെയും തന്റെ കമ്പനിയെയും പാപ്പരത്തത്തിൽനിന്ന് രക്ഷിക്കാൻ എന്തെങ്കിലും വഴിയുായിരുന്നെങ്കിൽ എന്നാലോചിച്ചുകൊണ്ട്. പെട്ടെന്ന് ഒരു വൃദ്ധൻ അദ്ദേഹത്തിന്റെ മുമ്പിൽ ആഗതനായി.

വൃദ്ധൻ പറഞ്ഞു: “താങ്കളെ എന്തോ അലട്ടുന്നു എന്നെനിക്ക് തോന്നുന്നു...”

ബിസിനസുകാരൻ തന്റെ അവസ്ഥകളെല്ലാം വൃദ്ധനോട് വിവരിച്ചു.

“എനിക്ക് താങ്കളെ സഹായിക്കാൻ സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു” വൃദ്ധൻ പ്രതികരിച്ചു.

ഉടനെ ആ മനുഷ്യൻ ബിസിനസുകാരനോട് അദ്ദേഹത്തിന്റെ പേര് ചോദിച്ച് ഒരു ചെക്ക് എഴുതുകയും അതദ്ദേഹത്തെ ഏല്പിക്കുകയും ചെയ്തു; എന്നിട്ട് പറഞ്ഞു:

“താങ്കൾ ഇത് കൊണ്ടുപോയി പണമെടുക്കുക; കൃത്യം ഒരു വർഷം കഴിഞ്ഞ് ഇതേ സ്ഥലത്തുവെച്ച് എനിക്ക് പണം തിരിച്ചുനൽകുകയും ചെയ്യുക.”

അതേത്തുടർന്ന് വൃദ്ധൻ സ്ഥലംവിട്ടു. ചെക്കിലേക്കു നോക്കിയ ബിസിനസുകാരൻ അത്ഭുതപ്പെട്ടു: അര മില്യൺ ഡോളർ മൂല്യമുള്ള ചെക്കിൽ ഒപ്പുവെച്ചിരിക്കുന്നത് അമേരിക്കൻ ബിസിനസുകാരനായ ജോൺ ഡി റോക്ഫെല്ലർ! 1839-1937 കാലങ്ങളിൽ ജീവിച്ച, പെട്രോൾ രംഗത്തെ വിപണനംകൊണ്ട് പണം സമ്പാദിച്ച ലോകത്തിലെ ഏറ്റവും

വലിയ ധനികൻ. കുറഞ്ഞ കാലംകൊണ്ട് ലോകപ്രശസ്തനായിത്തീർന്ന അദ്ദേഹം തന്റെ ജീവിതകാലത്തിനിടെ ഏതാണ്ട് 550 മില്യൺ അമേരിക്കൻ ഡോളർ വിവിധ സഹായ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

ബിസിനസുകാരൻ സുബോധത്തിലേക്കുണർന്നു. ആവേശപൂർവം സ്വയം പറഞ്ഞു: "ഈ പണം കൊണ്ട് എന്റെ അസ്വസ്ഥതകളെല്ലാം മായ്ച്ചു കളയാൻ എനിക്കാവും..."

പിന്നെ, പാപ്പരായ അവസ്ഥയിൽനിന്ന് തന്റെ കമ്പനിയെ രക്ഷിക്കാനുള്ള വഴിയെക്കുറിച്ച് അദ്ദേഹം ആലോചിച്ചു. ആ ചെക്ക് മാറാതെ, അത് തന്റെ ഗ്യാരണ്ടിയായും ശക്തിസ്രോതസ്സായും സ്വീകരിച്ച് സൂക്ഷിച്ച് വച്ചു. ആത്മവിശ്വാസത്തോടെ തന്റെ കമ്പനിയിൽ ചെന്ന് പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. താൻ കടംകൊവരോട് അത് വീട്ടാൻ അവധി നീട്ടിച്ചോദിച്ച് പുതിയ ഇടപാടുകളിൽ ഏർപ്പെട്ടു. വലിയ വലിയ പുത്തൻ കച്ചവട നടപടികളിലൂടെ കമ്പനിക്ക് പഴയ പ്രതാപം തിരിച്ചു കൊണ്ടുവരാൻ സാധിച്ചു. ഏതാനും മാസങ്ങൾക്കുള്ളിൽ അദ്ദേഹത്തിന്റെ കടങ്ങൾ വീട്ടാനും വലിയ ലാഭം നേടാനും സാധിച്ചു.

വൃദ്ധൻ പറഞ്ഞ നിശ്ചിത വർഷം പൂർത്തിയായപ്പോൾ അദ്ദേഹം ആവേശപൂർവം ആ പാർക്കിലേക്ക് പോയി. അവിടെ ആ വൃദ്ധൻ അതേ കസേരയിൽ തന്നെ കാത്തിരിക്കുന്നതായി കണ്ടപ്പോൾ അദ്ദേഹത്തിന് അതിയായ സന്തോഷമായി.

വലിയ കൃതജ്ഞതാബോധത്തോടെ, അതുവരെ മാറാതിരുന്ന ചെക്ക് തിരിച്ചു നല്കിക്കൊണ്ട്, താൻ സാക്ഷാത്ക്കരിച്ച വിജയ കഥകൾ ഓരോന്നായി പറയാൻ തുടങ്ങി... കഴിഞ്ഞ ഒരു വർഷത്തെക്കുറിച്ച് അദ്ദേഹം ആലോചിച്ചു: അപകടകരമായ അവസ്ഥയൽനിന്ന് കമ്പനിയെ കരകയറ്റിയതും വലിയ ഇടപാടുകൾ നടത്തിയതുമെല്ലാം ആ അര മില്യൺ ഡോളർ തന്റെ പിന്നിലുണ്ടെന്ന ഉറച്ച വിശ്വാസത്തിലായിരുന്നെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കണ്ണുനിറഞ്ഞുപ്പോയി!

അയൽക്കാരനായാൽ പോരാ... നല്ല അയൽക്കാരനാകാൻ സാധിക്കണം! ഭർത്താവായാൽ പോരാ... നല്ല ഭർത്താവാകാൻ സാധിക്കണം! ഭാര്യയായാൽ പോരാ... നല്ല ഭാര്യയാകാൻ സാധിക്കണം! ഒപ്പം, മക്കളായാൽ മാത്രം പോരാ... നല്ല മക്കളാകാൻ സാധിക്കണം! അതിനു ഞാൻ ചെയ്യേണ്ടത് സ്നേഹിക്കാൻ പഠിക്കുക എന്നതു മാത്രമാണ്. അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാനും പകലിനു യോജിച്ചവിധം നമുക്കു പെരുമാറുവാനുമുള്ള സമയം അതിക്രമിച്ചിരിക്കുന്നു. സുഖലോലുപതയുടെയോ മദ്യലഹരിയുടെയോ അവിഹിതവേഴ്ചകളുടെയോ വിഷയാസക്തികളുടെയോ ലഹളകളുടെയോ പിന്നാലെ പോകാതെ യേശുക്രിസ്തുവിനെ ധരിക്കാനും ദൈവത്തെയും സഹോദരങ്ങളെയും സർവ്വതും മറന്ന് അകമഴിഞ്ഞ് സ്നേഹിക്കാനും സാധിക്കുമ്പോൾ സ്വർഗ്ഗരാജ്യത്ത് പേരുകൾ എഴുതി ചേർക്കപ്പെടുന്നു!

നല്ല സമരിയാക്കാരൻ തലമുറകൾക്ക് ആവേശമായി നിലയുറപ്പിക്കുന്നു! അതിനുകാരണം, ആവശ്യക്കാരനെ സഹായിച്ചു എന്നതുമാത്രമാണ്!

" നാം ഓരോരുത്തരും അയൽക്കാരന്റെ നന്മയെ ഉദ്ദേശിച്ച് അവന്റെ ഉത്കർഷത്തിനായി അവനെ പ്രീതിപ്പെടുത്തണം. "

റോമ 15,2

ഫാ. ജോബി മേനോത്ത്
+91 944 7777 931